# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ജനുവരി 31**

**January 31**

**2019**

*1193 മകരം 17 വ്യാഴം*

## പത്രക്കുറിപ്പ് 1



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ദക്ഷിണേന്ത്യയുടെ 'ബാംബൂ കാപിറ്റലാ'വാൻ കാസർകോട് ഒരുങ്ങുന്നു; പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ

വരണ്ടുണങ്ങിയ ചെങ്കൽ ഭൂമികളെ ഹരിതാഭമാക്കി ദക്ഷിണേന്ത്യയുടെ 'ബാംബൂ കാപിറ്റലാ'വാൻ കാസർകോടൊരുങ്ങുന്നു. 12 നദികളും നിരവധി ജലാശയങ്ങളുമുണ്ടായിട്ടും ജീവന്റെ തുടിപ്പ് നശിച്ച ഭൂപ്രദേശങ്ങളിൽ മുളങ്കാടുകൾ കൊണ്ട് ഹരിത കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു. ജില്ലയുടെ സാമൂഹിക-സാമ്പത്തിക സമവാക്യങ്ങളിൽ ചരിത്രപരമായ മാറ്റങ്ങൾ സൃഷ്ടിക്കാനുതകുന്ന വിപുലമായ പദ്ധതിയിലൂടെ കാസർകോടിനെ ദക്ഷിണേന്ത്യയിലെ പ്രധാന 'ബാംബൂ ഹബാ'യി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബുവിന്റെ പ്രത്യേക താൽപര്യപ്രകാരം ആവിഷ്കരിച്ച പദ്ധതി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

ആദ്യ ഘട്ടത്തിൽ കാസർകോട്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകളിലും ചീമേനി തുറന്ന ജയിലിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് ഈ പ്രദേശങ്ങളിൽ മൂന്ന് ലക്ഷം തൈകൾ ഒറ്റ ദിവസം കൊണ്ട് നട്ടു കൊണ്ട് പദ്ധതിക്ക് തുടക്കം കുറിക്കും. പദ്ധതിക്ക് വേണ്ടി സോഷ്യൽ ഫോറസ്ട്രി വിഭാഗം 60,000 മുളതൈകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറും. കൂടാതെ കാസർകോട്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകൾ ലഭ്യമാക്കുന്ന വിത്തുകളുപയോഗിച്ച് തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ വാർഡിലും നഴ്സറികൾ സ്ഥാപിച്ച് ബാക്കി ആവശ്യമുള്ള 2,40,000 മുളതൈകൾ തയ്യാറാക്കും. വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത തൊഴിലുറപ്പ് തൊഴിലാളികൾക്ക് നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പരിശീലനം കഴിഞ്ഞ രണ്ട് ദിവസങ്ങളലായി നൽകി. ഏപ്രിൽ മാസത്തിൽ 13 പഞ്ചായത്തുകളിലായി 2x2x2 അടി അളവിലുള്ള മൂന്ന് ലക്ഷം കുഴികളാണ് തയ്യാറാക്കുന്നത്. ജൂൺ അഞ്ചിന് മുളതൈകൾ നട്ടു പിടിപ്പിച്ച് തുടർന്ന് മൂന്ന് മാസക്കാലം കൃത്യമായ പരിചരണം തൊഴിലുറപ്പ് പദ്ധതിയിലൂടെ ഉറപ്പാക്കും. പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും നിർദേശങ്ങളും കൃഷി വകുപ്പ് മുഖേന ലഭ്യമാക്കും. മുളകൃഷിക്കാവശ്യമായ ജൈവവളം, ജൈവ മാലിന്യ ശേഖരണത്തിലൂടെ ശുചിത്വ മിഷന്റെ കീഴിലുള്ള ഹരിത കർമ്മസേനയായിരിക്കും സംഘടിപ്പിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ ഇതിനാവശ്യമായ കമ്പോസ്റ്റിങ്ങ് സംവിധാനം ഏർപ്പെടുത്തും. ‘‘മാലിന്യമുക്ത കാസർകോട്’’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 13 ഗ്രാമപഞ്ചായത്തുകളിലും നേരത്തേ ശുചിത്വമിഷൻ ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ചാണ് ജൈവമാലിന്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നത്. പദ്ധതി പ്രദേശങ്ങളെ കൃഷിക്ക് ഉപയുക്തമായ രീതിയിൽ മാറ്റിയെടുക്കുന്നതിനായി മണ്ണിന്റെ ഘടനയും ഗുണനിലവാരവും കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ജൈവവ്യതിയാനങ്ങൾ നിരീക്ഷിക്കാൻ മണ്ണ് പര്യവേഷണ വകുപ്പ് നടപടി സ്വീകരിക്കും. മുളകൾ തടഞ്ഞു നിർത്തി മണ്ണിലേക്കിറങ്ങുന്ന വെള്ളത്തിന്റെ അളവ് കൃത്യമായ രേഖപ്പെടുത്താനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കാസർകോട് ജില്ല ഭൂമികുലുക്ക സാധ്യതാ മേഖലയിലെ മൂന്നാം സോണിൽ വരുന്നതിനാൽ തന്നെ അനിയന്ത്രിതമായി നടക്കുന്ന കുഴൽകിണർ നിർമ്മാണം ജില്ലയെ കൂടുതൽ അപകടത്തിലാക്കുമെന്നാണ് വിദഗ്ധർ പറയുന്നത്. തുറന്ന കിണറുകളിൽ വെള്ളമെത്തിക്കുന്നതിലൂടെ കുഴൽകിണറുകളുടെ എണ്ണം കുറക്കാൻ സാധിക്കും.

കൂടാതെ മുള തൈകൾ വളരുന്ന ഘട്ടത്തിലെ ഓരോ ഇടവേളകളിൽ കിണറുകളും കുഴൽ കിണറുകളും മറ്റും പരിശോധിച്ച് ജലനിരപ്പിൽ വരുന്ന വ്യത്യാസങ്ങളെ നിരീക്ഷിച്ച് ഭൂഗർഭജലവകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കും.

താരതമ്യേന വ്യാവസായിക സംരഭങ്ങൾ കുറവായ ജില്ലയിൽ റവന്യൂ ഭൂമികൾ തരിശായി കിടക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വരണ്ടുണങ്ങിയ ഇത്തരം ചെങ്കൽ (ലാറ്ററൈറ്റ്) ഭൂപ്രദേശങ്ങളെ ഹരിതാഭമാക്കാനാണ് വിപുലമായ പദ്ധതി തയ്യാറാക്കുന്നത്. ജലത്തെ തടഞ്ഞു നിർത്തി മണ്ണിലേക്ക് ഇറക്കി വിടാൻ സഹായിക്കുന്ന പ്രധാന സസ്യമാണ് മുള. ഒരു ചെടിയുടെ വേരുതന്നെ ഏകദേശം 10 അടി ചുറ്റളവിലേക്ക് ഉപരിതലത്തിൽ നിന്നും പരന്നു വളരുന്നതിനാലാണ് മഴവെള്ളത്തെ മണ്ണിലേക്ക് ഇറക്കി വിടാൻ സാധിക്കുന്നത്. ഏറ്റവും കൂടുതൽ കാർബൺഡയോക്സൈഡിനെ സ്വീകരിച്ച് ഓക്സിജനെ പുറത്തുവിടാൻ കഴിവുള്ള സസ്യമായ മുളയ്ക്ക് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനും സാധിക്കുന്നു. കൂടാതെ ഏറ്റവും വേഗത്തിൽ വളരാൻ കഴിയുന്ന ഈ അത്ഭുത സസ്യത്തിന് ചില സമയങ്ങളിൽ 24 മണിക്കൂറിൽ 91 സെന്റീമീറ്റർ വരെ വളർച്ചയുണ്ടാകുമെന്ന് പഠനങ്ങൾ പറയുന്നു. മണ്ണിൽ കാണുന്ന വിഷാംശങ്ങളെ ഇല്ലാതാക്കി മൂന്നു വർഷം കൊണ്ട് വിളവെടുക്കാൻ സാധിക്കുന്ന മുള കൊണ്ട് വിവിധങ്ങളായ ഉത്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. കാതൽ കൂടുതലുള്ളതും ഇന്ത്യയിൽ പൊതുവെ കാണപ്പെടുന്നതുമായ ''കല്ലൻ മുള''യാണ് പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നത്. മൂന്ന് ലക്ഷം മുളകൾ ഏകദേശം 66 ലക്ഷം കിലോഗ്രാം ജൈവാംശം ഒരു വർഷം മണ്ണിൽ നിക്ഷേപിക്കും. ഇത് ചെങ്കൽമണ്ണിനെ ഫലഭൂയിഷ്ടിയുള്ള മണ്ണാക്കി മാറ്റും. ഇപ്രകാരം ഏകദേശം 37,500 ഏക്കറിൽ പുതുതായി കൃഷി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിളവെടുക്കുന്ന മുളകൾ സംസ്കരിച്ച് വിവിധങ്ങളായ ഉത്പന്നങ്ങളുണ്ടാക്കാനായി ജില്ലയിൽ ചെറുകിട-വൻകിട സംരഭങ്ങൾ ആരംഭിക്കുമെന്ന് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ വി.കെ. ദിലീപ് പറഞ്ഞു. കേരളത്തിൽ ദുരിതം വിതച്ച മഹാപ്രളയത്തെ തുടർന്ന് സർക്കാർ നടപ്പാക്കി വരുന്ന നവകേരള നിർമ്മിതിയിൽ പ്രകൃതി സൗഹൃദവും സാമ്പത്തികലാഭവുമുള്ള മുള കൊണ്ടുള്ള വീടുകൾക്ക് വളരെയധികം പ്രസക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുള കൊണ്ടുള്ള വീടുകൾ ജപ്പാനിൽ വ്യാപകമാണെന്നും 200 വർഷം വരെ ഈടുനിൽക്കുന്ന ഇത്തരം വീടുകൾക്കുള്ളിൽ താരതമ്യേന ചൂട് കുറവായിരിക്കുമെന്നും കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിക്ക് കൂടുതൽ ഇണങ്ങുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഫർണീച്ചറുകൾ, കരകൗശല വസ്തുക്കൾ, നിലം പാകുന്നതിനുള്ള ടൈലുകൾ, കർട്ടനുകൾ എന്നിങ്ങനെ നിരവധി ഉത്പന്നങ്ങളാണ് മുള ഉപയോഗിച്ച് നിർമ്മിക്കാൻ സാധിക്കുന്നത്. ഇതിനായി സർക്കാർ-സ്വകാര്യ സംരഭങ്ങളാരംഭിക്കുന്നതോടെ ജില്ലയുടെ മുഖച്ഛായ തന്നെ മാറി സാമൂഹിക-സാമ്പത്തിക മേഖലകളിൽ വിപ്ലവകരമായ മാറ്റമാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ നദികളേറെയുണ്ടായിട്ടും വേനലാരംഭത്തിൽ തന്നെ രൂക്ഷമാവുന്ന കുടിവെള്ള ക്ഷാമം നേരിടുന്ന ജില്ലയിൽ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും പദ്ധതിയിലൂടെ സാധിക്കും. രൂക്ഷമായ വരൾച്ച നേരിടാറുള്ള

ജില്ലയ്ക്ക് മുളങ്കാടുകൾ കൊണ്ട് പ്രതിരോധം തീർക്കുന്നതിലൂടെ വലിയ വികസനപ്രതീക്ഷകളാണ് നൽകുന്നത്.

## കൊറഗ വിഭാഗത്തിന് അർഹമായ പരിഗണന നൽകും

സാമൂഹിക സാമ്പത്തിക മേഖലകളിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ട പ്രാക്തന ഗോത്രമായ കൊറഗ വിഭാഗത്തിന് പദ്ധതിയിൽ അർഹമായ പരിഗണന നൽകുമെന്ന് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ വി.കെ. ദിലീപ് പറഞ്ഞു. വനമേഖലകളിൽ നിന്നും ശേഖരിക്കുന്ന കാട്ടു വള്ളികളിൽ നിന്നും കൊട്ടകളും മറ്റും നിർമ്മിക്കാറുള്ള കൊറഗ വിഭാഗത്തിന് മുള കൊണ്ടുള്ള കരകൗശല നിർമ്മാണങ്ങൾക്കായി പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കും. ജില്ലയിൽ മുളങ്കാടുകൾ വ്യാപകമാക്കി പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ ഉദാത്തമായ മാതൃക സൃഷ്ടിക്കുമെന്നും വികസനത്തിന്റെ പ്രയോജനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കാനാണ് സർക്കാർ പദ്ധതി വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

## നിങ്ങൾക്കും പങ്കാളിയാകാം

ജില്ലയുടെ സാമ്പത്തിക മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ പോകുന്ന ''ബാംബൂ കാപിറ്റൽ പദ്ധതി''യിൽ സ്വകാര്യ വ്യക്തികൾക്കും പങ്കാളിയാകാം. ആകെ ചെയ്യേണ്ടത് നിങ്ങളുടെ ഒഴിഞ്ഞ പറമ്പുകൾ പഞ്ചായത്ത് പ്രതിനിധികൾക്ക് കാണിച്ചു കൊടുത്താൽ മാത്രം മതി. ബാക്കി കാര്യം തൊഴിലുറപ്പ് തൊഴിലാളികൾ നോക്കിക്കോളും. മുളകൾക്ക് വേണ്ട കുഴികൾ നിർമ്മിക്കുന്നത് മുതൽ തൈകൾ വച്ചു പിടിപ്പിക്കുന്നതും പിന്നീട് മൂന്ന് മാസത്തോളമുള്ള പരിപാലനവും തൊഴിലുറപ്പു തൊഴിലാളികൾ സൗജന്യമായി ചെയ്തു തരും. ഇതിൽ നിന്നും ലഭിക്കുന്ന മുള, സ്ഥലം വിട്ടു നൽകുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് തന്നെ വാണിജ്യാവശ്യത്തിന് എടുക്കാം.

**ഫോട്ടോ അടിക്കുറിപ്പ് (ബാംബൂ കാപിറ്റൽ) :**

മുള നഴ്സറികൾ സ്ഥാപിക്കുന്നതിന് വേണ്ടി തൊഴിലുറപ്പ് തൊഴിലാളികൾക്ക് മഞ്ചേശ്വരത്ത് സംഘടിപ്പിച്ച പരിശീലന പരിപാടി

## നേതൃത്വ പരിശീലന ക്യാമ്പിന് അപേക്ഷ ക്ഷണിച്ചു

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ 15 നും 29 നും മധ്യേ പ്രായമുള്ള യുവതീ- യുവാക്കൾക്കായി നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 16 മുതൽ 18 വരെ പടന്ന ഷറഫ് ആർട്സ് ആൻഡ് സയൻസ്

കോളേജിലാണ് ക്യാമ്പ്. താമസവും ഭക്ഷണവും സൗജന്യമാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഫെബ്രുവരി 12നകം ജില്ലാ യൂത്ത് കോഡിനേറ്റർ, നെഹ്റു യുവ കേന്ദ്ര, സിവിൽ സ്റ്റേഷൻ, കാസർകോട് എന്ന വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യ ണം. കൂടുതൽ വിവരങ്ങൾക്ക് -9539413261, 7025123383.

## താലൂക്ക് വികസന സമിതി യോഗം നാളെ

വെള്ളരിക്കുണ്ട് താലൂക്ക് വികസന സമിതി യോഗം നാളെ(ഫെബ്രുവരി രണ്ടിന്) ഉച്ചയ്ക്ക് 2 മണിക്ക് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## എൻഡോസൾഫാൻ പുനരധിവാസ സെല്ലിൽ താൽകാലിക നിയമനം

കാസർകോട് കളക്ടറേറ്റിലെ എൻഡോസൾഫാൻ സെല്ലിൽ താത്ക്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്യുവാൻ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവരും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ആയിരിക്കണം. ഗവൺമെന്റ് ഓഫീസ് പ്രവർത്ത നങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കണം. ഗവൺമെന്റ് സർവീസിൽ നിന്നും വിര മിച്ചവർക്കും അപേക്ഷ സമർപ്പിക്കാം. അപേക്ഷകൾ വിശദമായ ബയോഡാറ്റ സഹിതം ഫെബ്രുവരി അഞ്ചിനകം കളക്ടറേറ്റിലെ എൻഡോസൾഫാൻ സെല്ലിൽ സമർപ്പിക്കണം.

## ബയോഗ്യാസ് നിർമാണത്തിനു ധനസഹായം

ഗാർഹിക-കാർഷിക മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും പാചകവാതകം ഉത്പാദിപ്പിക്കുന്നതിനും മാലിന്യാവശിഷ്ടം മികച്ച വളമായി കൃഷിക്കുപയുക്തമാക്കുന്നതിനും സാദ്ധ്യമാക്കുന്ന സംവിധാനമായ ബയോഗ്യാസ് പ്ലാന്റ് 12,000 രൂപ ധനസഹായത്തോടുകൂടി നിർമിക്കാൻ സന്നദ്ധരായ കാസർകോട് നഗരസഭാ പരിധിയിലുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണം. . ഫോൺ 04994 – 230560,9383472310

## നികുതി ക്യാമ്പ്

പുത്തിഗെ ഗ്രാമപഞ്ചായത്തിൽ നികുതി ക്യാമ്പ് സംഘടിപ്പിക്കുന്നു. കെട്ടിട നി കുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ കുടിശ്ശികയടക്കം പിരിച്ചെടു ക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഇന്നുമുതൽ (ഫെബ്രുവരി ഒന്ന് ) ഫെബ്രുവരി 25 വരെയാണ് നികുതി സ്വീകരിക്കുന്നത്. നികുതി ദായകർ മുമ്പ് നികുതിയടച്ച രസീതുമായി ക്യാമ്പിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക് പ ഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04998-245043.

# തുല്യതാ രജിസ്ട്രേഷൻ ഇന്നു മുതൽ

സാക്ഷരതാമിഷൻ നടത്തുന്ന നാലാംതരം,ഏഴാംതരം തുല്യതാ കോഴ്സുകൾക്ക് ഇന്നു(ഫെബ്രുവരി 1) മുതൽ ഫെബ്രുവരി 15 വരെ രജിസ്റ്റർ ചെയ്യാം. സാക്ഷരതാ സർട്ടിഫിക്കറ്റുള്ളവർക്ക് നാലാംതരം തുല്യതയ്ക്കും,നാലാംതരം വിജയിച്ചിയിട്ടുള്ളവർക്ക് ഏഴാതരം തുല്യതയ്ക്കും രജിസ്റ്റർ ചെയ്യാം.രജിസ്ട്രേഷൻ സൗജന്യമാണ്.ഏഴാതരം തുല്യതയ്ക്ക് എല്ലാ തുടർ വിദ്യാകേന്ദ്രങ്ങളിലും പഠന സൗകര്യമുണ്ട്. ഞാറാഴ്ചകളിലാണ് ക്ലാസുകൾ നടത്തുന്നത്.താത്പര്യമുള്ളവർ തൊട്ടടുത്തുള്ള തുടർ വിദ്യാ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക.കൂടുതൽ വിവരങ്ങൾക്ക്-04994-255507.

# അഭിമുഖം മാറ്റി

ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പ് മുഖേന നാഷണൽ ആയുഷ് മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരാർ വ്യവസ്ഥയിൽ നേഴ്സ്, മെഡിക്കൽ ഓഫീസർ (യുനാനി, ശല്യതന്ത്ര) എന്നീ തസ്തികയിൽ നിയമനം നടത്തുന്നതിന് ഫെബ്രുവരി അഞ്ചിന് തീരുമാനിച്ച അഭിമുഖം ഫെബ്രുവരി 12 ലേക്ക് മാറ്റിവെച്ചു. അഭിമുഖം ഫെബ്രുവരി 12 ന് രാവിലെ 11 ന് കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ (ഐ.എസ്.എം.) നടക്കും.കൂടുതൽ വിവരങ്ങൾക്ക്-04672205710

(തുടരും...)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**